**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 192** **07-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുമേഖല വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമേഖല വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നിയോഗിച്ച സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. |
| (ബി) | സമിതിയുടെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | പൊതുമേഖലാ സ്ഥാപനങ്ങൾക്ക് എല്ലാ മേഖലകളിലും കൂടുതൽ ഉത്തരവാദിത്തം ഉറപ്പ് വരുത്തിക്കൊണ്ടുള്ള സ്വയംഭരണാവകാശം നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ കമ്മിറ്റി മുന്നോട്ട് വച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ബോർഡ് ഓഫ് ഡയറക്ടർമാർക്കും മാനേജ്മെന്റിനും സാമ്പത്തികവും പ്രവർത്തനപരവുമായ അധികാരങ്ങൾ കൈമാറുന്നതിനായി വിവിധ വിഷയങ്ങളിലായി 28 ശിപാർശകൾ കമ്മിറ്റി മുന്നോട്ട് വച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വഭാവമനുസരിച്ച് ധനകാര്യം, പ്രോജക്ട് നടപ്പിലാക്കൽ, എച്ച്.ആർ, ജനറൽ അഡ്മിനിസ്ട്രേഷൻ, കൊമേഴ്സ്യൽ, അസറ്റ് മാനേജ്മെന്റ്, പാർട്ണർഷിപ്പ്, പ്രൊക്യൂർമെന്റ് തുടങ്ങിയ മേഖലകളിൽ സ്വയംഭരണാധികാരം നൽകുന്നതിനാണ് ശിപാർശയുള്ളത്.<br><br>ഓഡിറ്റുകൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്നും നിയുക്ത അധികാരങ്ങൾ ഉപയോഗിക്കുന്നതിന്റെ ഉത്തരവാദിത്തം ഉറപ്പ് വരുത്തുന്നതിന് MOU സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കമ്പനീസ് ആക്ട് 2013, പൊതുമേഖല സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് ബജറ്റിൽ അനുവദിക്കുന്ന ഫണ്ടുകൾ സമയോചിതമായി റിലീസ് ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങളിലെ സേവനവേതന |

| | | | |
|---|---|---|---|
| | | | പ്രശ്നങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള പർച്ചേസ് പോളിസിയും നടപടിക്രമങ്ങളും, കോർപ്പറേറ്റ് ഭരണം എന്നിവ ഉറപ്പാക്കുന്നതിനായി ധാരണാപത്രം (എം.ഒ.യു) ഒപ്പുവയ്ക്കാൻ കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. ഡയറക്ടർ ബോർഡിൽ പ്രൊഫഷണൽ യോഗ്യതയുള്ള വ്യക്തികൾ, സ്വതന്ത്ര ഡയറക്ടർമാർ, ബോർഡിന്റെ ഉത്തരവാദിത്തം, ഓഡിറ്റ് കമ്മിറ്റി, മാനേജ്മെന്റിന്റെ ഉത്തരവാദിത്തം എന്നിവയ്ക്ക് പ്രാധാന്യം നൽകാനും കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. |
| (സി) | പൊതുമേഖല സ്ഥാപനങ്ങളെ സ്വയം പര്യാപ്തമാക്കാനും അവയുടെ സ്വയംഭരണ അവകാശം സംരക്ഷിക്കാനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | പൊതുമേഖലാ സ്ഥാപനങ്ങൾക്ക് എല്ലാ മേഖലകളിലും കൂടുതൽ ഉത്തരവാദിത്തം ഉറപ്പു വരുത്തിക്കൊണ്ടുള്ള സ്വയംഭരണാവകാശം നൽകുന്നതിനായി ശ്രീ. പോൾ ആന്റണി ഐ.എഎസ് (Retd) ചെയർമാനായ വിദഗ്ധ സമിതി തയ്യാറാക്കിയ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. ബോർഡുകളിൽ സ്വതന്ത്ര ഡയറക്ടർമാരെ ഉൾപ്പെടുത്തുന്നതിന് റിയാബ് അപേക്ഷ ക്ഷണിച്ച് പാനൽ തയ്യാറാക്കിയിട്ടുണ്ട് നിയമന നടപടികൾ പുരോഗമിക്കുന്നു. ചെയർമാൻ, എം.ഡി എന്നിവർക്ക് പ്രൊഫഷണലായ പരിശീലനവും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ